**905**

**SET A**

## സമഗ്ര ശിക്ഷ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം - 2018

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 12 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

11. 'ഐൻ ഇ- അക്ബരി' എഴുതിയതാര്? (1)
(അബുൾ ഫസൽ, ഇബ്നു ബത്തൂത്ത, അക്ബർ, ബാബർ)

2. പ്രളയസമതലങ്ങൾ രൂപപ്പെടുന്നതെങ്ങനെ? (2)

3. മധ്യകാല ഇന്ത്യയിലെ ചിത്രകലാരംഗത്തുണ്ടായ പുരോഗതിയെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക? (2)

4. മധ്യകാല ഇന്ത്യയിലെ രണ്ട് വിഭാഗം കർഷകരെ സംബന്ധിക്കുന്ന ഡയഗ്രം അനുയോജ്യമായി പൂരിപ്പിക്കുക. (2)




5. മധ്യകാല ഇന്ത്യയിലുണ്ടായിരുന്ന ഏതെങ്കിലും രണ്ട് ചെറുകിട വ്യവസായങ്ങളുടെ പേരെഴുതുക. (2)

6. ദേശീയ വരുമാനം കണക്കാക്കുന്നതിന് ഉപയോഗിക്കുന്ന മൂന്ന് രീതികളേവ? അവയിൽ ഏതെങ്കിലും ഒരെണ്ണത്തെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക. (3)

7. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

8. സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട ഡയഗ്രം പൂർത്തിയാക്കുക. (3)




9. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ആശയങ്ങളിൽ പലതും ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

10. ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള ലക്ഷ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

11. മൊത്ത ആഭ്യന്തര ഉൽപ്പന്നത്തെക്കുറിച്ച് കുറിപ്പെഴുതുക. (3)

12. മധ്യകാല ഇന്ത്യയിലെ കാർഷിക പുരോഗതിയെക്കുറിച്ച് വിവരിക്കുക. (5)

**13 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം (9 x 4 = 36)**

13. മുഗൾ ഭരണം ശക്തിപ്പെടുത്താൻ അക്ബർ സ്വീകരിച്ച നടപടികൾ ഏവ?

14. മിയാൻഡറുകളും ഓക്സ്-ബോ തടാകങ്ങളും രൂപം കൊള്ളുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

15. കച്ചവടപുരോഗതിക്കായി മധ്യകാല ഇന്ത്യയിൽ ഭരണാധികാരികൾ സ്വീകരിച്ച വിവിധ നടപടികളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

16. കടൽവെള്ളം ശുദ്ധീകരിക്കാനുള്ള രണ്ട് മാർഗ്ഗങ്ങൾ വിശദമാക്കുക.

17. ഫ്ളോചാർട്ട് പൂർത്തിയാക്കുക.



18. ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങളേവ?

19. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

20. നദിയുടെ ഉപരിഘട്ടത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

21. 'എ' കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി 'ബി' കോളത്തിലുള്ളവ ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| എഴുത്തച്ഛൻ | കവിരാജമാർഗം |
| അമോഘവർഷൻ | ബംഗാളി രാമായണം |
| തുളസീദാസ് | അധ്യാത്മ രാമായണം കിളിപ്പാട്ട് |
| കൃത്തിവാസ ഓജ | രാമചരിതമാനസ് |

22. നദികളുടെ ഒഴുക്കിനെ നിർണയിക്കുന്ന ഘടകങ്ങൾ ഏവ?

23. സമുദ്രങ്ങൾ കൊണ്ട് മനുഷ്യർക്ക് ധാരാളം പ്രയോജനങ്ങളുണ്ട്. അവയിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

**24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ**
**ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ (1 x 6 = 1)**

24. സുൽത്താൻ ഭരണകാലത്തെ കേന്ദ്രീകൃത ഭരണരീതിയുടെ സവിശേഷതകൾ വിശദമാക്കുക.

25. മാൻസബ്ദാരി സമ്പ്രദായവും ജാഗിർദാരി സമ്പ്രദായവും മുഗൾ ഭരണസംവിധാനത്തെ ശക്തിപ്പെടുത്തിയതെങ്ങനെയെന്ന് വിശദമാക്കുക.

**26 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ**
**ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ (1 x 6 = 1)**

26. വേലികൾ എന്നാലെന്ത്? വേലികൾക്കുള്ള കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

27. സമുദ്രജല ലവണത്വം എന്നാലെന്ത്? സമുദ്രലവണത്വത്തിലെ ഏറ്റക്കുറച്ചിലുകൾക്കുള്ള കാരണങ്ങൾ വിശദമാക്കുക.